LIBRARY ARCHIVES Kerala Legislative Assembly

എൻഡോസൾഫാൻ പുനരധിവാസ വില്ലേജ്

200(1185) ശ്രീ. സി. എച്ച്. കുഞ്ഞമ്പു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ എൻഡോസൾഫാൻ ദുരിത ബാധിതർക്കായി നിർമ്മിക്കുന്ന എൻഡോസൾഫാൻ പുനരധിവാസ വില്ലേജിന്റെ നിർമ്മാണ പുരോഗതി ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ;

(ബി) പദ്ധതിയുടെ മാസ്റ്റർ പ്ലാൻ അനുസരിച്ച് ഏത് പ്രവൃത്തിയാണ് ഇപ്പോൾ ചെയ്തുകൊണ്ടിരിക്കുന്നതെന്ന് അറിയിക്കാമോ;

&

(സി) ഇനി ഏതൊക്കെ പ്രവൃത്തികളാണ് ചെയ്യാനുള്ളതെന്നും അതിനുള്ള നടപടികൾ ഏതു വരെയായെന്നും വിശദമാക്കാമോ?

എൻഡോസൾഫാൻ ദുരിതബാധിതരുടെ ശാരീരികവും മാനസികവുമായ ഉന്നമനം ലക്ഷ്യമിട്ട് ആവിഷ്കരിച്ച മൂളിയാർ റീഹാബിലിറ്റേഷൻ വില്ലേജിന്റെ ആദ്യഘട്ട പ്രവർത്തനം തുടങ്ങുന്നതിനായി കാസർഗോഡ് ഡെവലപ്മെന്റ് പാക്കേജിൽനിന്ന് 5 കോടി രൂപ അനുവദിച്ച് ഉത്തരവായിട്ടുണ്ട്. 2020 മാർച്ച് 4 ന് ഇതിന്റെ തറക്കല്ലിടൽ കർമ്മം നിർവ്വഹിച്ചിട്ടുള്ളതാണ്. ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സൊസൈറ്റിയുമായി നിർമ്മാണ കരാറിൽ ഏർപ്പെട്ട് നിർമ്മാണപ്രവർത്തനങ്ങൾ നടത്തുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്

കൗൺസിലിംഗ് പദ്ധതി

201(1186) ശ്രീമതി ഒ. എസ്. അംബിക: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മാനസിക വെല്ലുവിളികളും മാനസിക അസ്വസ്ഥതകളും അനുഭവിക്കുന്ന സ്ത്രീകൾക്ക് കൗൺസിലിംഗ് നൽകുന്ന പദ്ധതി വകുപ്പ് ആവിഷ്കരിച്ചിട്ടുണ്ടോയെന്ന് അറിയിക്കുമോ;

&

(ബി) ആത്മഹത്യാ പ്രവണത പ്രകടിപ്പിക്കുന്ന സ്ത്രീകളെ കണ്ടെത്താനും അവരെ സന്തോഷകരമായ ജീവിതത്തിലേയ്ക്ക് തിരിച്ചുകൊണ്ടുവരാനും വകുപ്പ് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കുമോ?